## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3047 18 . 06 . 2019 ൽ മറുപടിയ്ക്ക്**

**സാക്ഷരത മിഷനിൽ ജില്ല പ്രോജക്റ്റ് കോ-ഓർഡിനേറ്റർ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.എൻ.എ. ഖാദർ** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സാക്ഷരത മിഷനിൽ ജില്ല പ്രേരക് തസ്തികകൾക്ക് പകരം ജില്ല പ്രോജക്റ്റ് കോ-ഓർഡിനേറ്റർ എന്ന സാങ്കല്പിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇതിലേക്കനയിച്ച സാഹചര്യം വിശദമാക്കാമോ;<br>(ബി) ഈ തസ്തികയിലെ ഉദ്യോഗസ്ഥരുടെ ഭരണപരമായ ചുമതലകൾ വിശദമാക്കാമോ; ഇവരുടെ ശമ്പള സ്കെയിൽ എത്രയെന്നും ഇപ്പോൾ സൃഷ്ടിച്ച തസ്തികകൾ വഴി സർക്കാരിന് എത്ര രൂപ അധിക ബാധ്യത വരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) & (ബി) | ഇല്ല. ജില്ലാ പ്രേരക് എന്ന തസ്തിക നിലവിലില്ല. ജില്ലാ പ്രോജക്റ്റ് കോ-ഓർഡിനേറ്റർ തസ്തികയിൽ കരാർ നിയമനമാണ് നടത്തുന്നത്.<br>സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കിവരുന്ന സാക്ഷരത-തുല്യതാപ്രവർത്തനങ്ങളും വിവിധ സാമൂഹ്യസാക്ഷരതാപദ്ധതികളും ജില്ലാതലത്തിൽ നടപ്പിലാക്കുകയും അതോടൊപ്പം ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളുടെ പ്രവർത്തനമേൽനോട്ട ചുമതല വഹിക്കുകയും സാക്ഷരത-തുടർ വിദ്യാഭ്യാസ പ്രവർത്തകരായ പ്രേരക്മാരെയും വിദ്യാകേന്ദ്രങ്ങളെയും മോണിറ്ററിങ് ചെയ്യുകയും ആണ് ജില്ലാ പ്രോജക്റ്റ് കോ-ഓർഡിനേറ്റർമാരുടെ ചുമതല. ശമ്പള സ്കെയിൽ ഈ കരാർ തസ്തികയ്ക്ക് നിലവിലില്ല. |
| (സി) നിലവിൽ സാക്ഷരത മിഷന് ജില്ല കോ-ഓർഡിനേറ്റർമാരുണ്ടോ; ഇവരുടെ ഭരണപരമായ ചുമതലകൾ ഇപ്പോൾ സൃഷ്ടിക്കപ്പെട്ട ജില്ല പ്രോജക്റ്റ് കോ-ഓർഡിനേറ്റർമാരിൽ നിന്നും എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു; വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ